# മഹാത്മാഗാന്ധി സർവ്വകലാശാല

**കൃഷ്ണമൂർത്തി റ്റി.എസ്.**
പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്ജ്)
ഫോൺ: 0481 - 2731020, 2732650
മൊബൈൽ : 9447660554

പി.ആർ.ഒ./39/188/2018 2018 സെപ്റ്റംബർ 05

## പത്രക്കുറിപ്പ്

**നാനോ സയൻസ് ആന്റ് നാനോടെക്നോളജിയിൽ വീണ്ടും ഡി.ആർ.ഡി.ഒ. പ്രോജക്ട്**

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള ഗവേഷണ മേഖലയിൽ മികച്ച നിലവാരം പുലർത്തുന്ന നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി സെന്ററിന് നാവിക ഗവേഷണ ബോർഡ്, ഡി.ആർ.ഡി.ഒ.യുടെ മൂന്ന വർഷത്തേക്കുള്ള പ്രോജക്ട് ലഭിച്ചിരിക്കുന്നു.

കഴിഞ്ഞ കുറേ വർഷങ്ങളായി ശാസ്ത്ര ഗവേഷണ മേഖലയിൽ ശാസ്ത്രജ്ഞർക്കും ഗവേഷകർക്കും വേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിനും അവർക്കുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിലും മുൻപന്തിയിൽ നിൽക്കുന്ന ഒരു സെന്ററാണിത്.

അത്യാധുനികമായ ലാബ് സൗകര്യങ്ങളും വിവിധ തരത്തിലുള്ള ഇൻസ്ട്രുമെന്റും അടങ്ങിയ ഈ സെന്റർ മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്ക് ഒരു പൊൻതൂവലാണ്.

ഈ സെന്ററിന്റെ ഡയറക്ടറായ ഡോ. നന്ദകുമാർ കളരിക്കലിന്റെയും ഫൗണ്ടർ ഡയറക്ടറായ ഡോ. സാബു തോമസിന്റെയും നേതൃത്വത്തിലാണ് ഈ സെന്റർ ശാസ്ത്ര ഗവേഷണ മേഖലയിൽ മുന്നേറിക്കൊണ്ടിരിക്കുന്നത്.

ഈ മികവിന്റെ അടിസ്ഥാനത്തിലാണ് ഡി.ആർ.ഡി.ഒ.യുടെ ഈ പുതിയ പ്രോജക്ട് ലഭിച്ചിരിക്കുന്നത്. ഇതിന് മുൻപും നിരവധി ഡി.ആർ.ഡി.ഒ. പ്രോജക്ടുകളും, കേന്ദ്രസർക്കാർ, കേരള സർക്കാർ വിദേശ പ്രോജക്ടുകളും സെന്ററിന് ലഭിച്ചിട്ടുണ്ട്.

അത്യാധുനികമായ കപ്പൽ നിർമ്മാണ മേഖലയിലേക്കുള്ള ചവിട്ടുപടിയാണ് ഈ പ്രോജക്ട്.

സർഫെയ്സ് കോട്ടിങ്ങ് എന്ന വിദ്യയിലൂടെ കപ്പലുകൾക്ക് വരുന്ന കൊറോഷൻ കുറയ്ക്കുവാനും കൂടാതെ എയർക്രാഫ്റ്റ് റിപ്പയറിങ്ങും ആണ് ഈ ഡി.ആർ.ഡി.ഒ. പ്രോജക്ടിന്റെ ലക്ഷ്യം. ഡി.ആർ.ഡി.ഒ.യുടെ കീഴിലുള്ള നാവിക ഗവേഷണ ബോർഡാണ് ഈ പ്രോജക്ടിന്റെ മെയിൻ ഫണ്ടിങ്ങ് ഏജൻസി. മഹാത്മാഗാന്ധി സർവ്വകലാശാലയുടെ വൈസ് ചാൻസലറായ പ്രൊഫ. (ഡോ.) സാബു തോമസ് ഇതിന്റെ മെയിൻ ഇൻവെസ്റ്റിഗേറ്ററും നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി സെന്ററിന്റെ ഡയറക്ടർ ഡോ. നന്ദകുമാർ കളരിക്കൽ ഈ പ്രോജക്ടിന്റെ കോ-ഇൻവെസ്റ്റിഗേറ്ററുമാണ്.

**ജെ.ആർ.എഫ്. സീറ്റൊഴിവ്**

മഹാത്മാഗാന്ധി സർവ്വകലാശാല, ഇന്റർനാഷണൽ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോടെക്നോളജി (ഐ.ഐ.യു.സി.എൻ.എൻ.)ൽ ഡി.ആർ.ഡി.ഒ. പ്രോജക്ടിൽ ജെ.ആർ.എഫ്. ഒഴിവുണ്ട്. 15 ദിവസത്തിനകം അപേക്ഷ നൽകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0481 - 2731669, 9400552374, ഇമെയിൽ : sabuthomas@mgu.ac.in

**എം.ജി. പി.ജി. ഏകജാലകം: ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു; ഒന്നാം സപ്ലിമെന്ററി അലോട്ട് മെന്റിൽ പ്രവേശനത്തിന് അർഹത നേടിയവർ സെപ്റ്റംബർ 7ന് വൈകീട്ട് 4.30ന് മുമ്പായി ബന്ധപ്പെട്ട കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്**

മഹാത്മാഗാന്ധി സർവ്വകലാശാലാ ഏകജാലകം വഴിയുള്ള പി.ജി. പ്രവേശനത്തിനുള്ള (2018) ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ ഓൺലൈനായി സർവ്വകലാശാലാ അക്കൗണ്ടിൽ വരേണ്ട ഫീസടച്ച് അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുത്ത് യോഗ്യത തെളിയിക്കുന്ന അസ്സൽ സാക്ഷ്യപത്രങ്ങൾ സഹിതം ഈ മാസം 7ന് വൈകീട്ട് 4.30ന് മുമ്പായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്.

ഈ മാസം 7നകം ഫീസ് ഒടുക്കാത്തവരുടെയും ഫീസൊടുക്കിയശേഷം കോളേജിൽ പ്രവേശനം നേടാത്തവരുടെയും അലോട്ട്മെന്റ് റദ്ദാക്കുന്നതാണ്.

**എം.ജി. ബി.എൽ.ഐ.എസ്.സി./ബി.പി.എഡ്. ഏകജാലകം: പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കായുള്ള ഒന്നാം പ്രത്യേക അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു; പ്രത്യേക അലോട്ട്മെന്റിൽ പ്രവേശനത്തിന് അർഹത നേടിയവർ സെപ്റ്റംബർ 6ന് വൈകീട്ട് 4.30ന് മുമ്പായി ബന്ധപ്പെട്ട കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്**

മഹാത്മാഗാന്ധി സർവ്വകലാശാല ഏകജാലകം വഴിയുള്ള ബി.എൽ.ഐ.എസ്.സി./ബി.പി.എഡ്. പ്രവേശനത്തിനുള്ള (2018) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കായുള്ള ഒന്നാം പ്രത്യേക അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. ഒന്നാം പ്രത്യേക അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ ഓൺലൈനായി സർവ്വകലാശാലാ അക്കൗണ്ടിൽ വരേണ്ട ഫീസടച്ച് അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുത്ത് യോഗ്യത തെളിയിക്കുന്ന അസ്സൽ സാക്ഷ്യപത്രങ്ങൾ സഹിതം സെപ്റ്റംബർ 6ന് വൈകീട്ട് 4.30ന് മുമ്പായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്. സെപ്റ്റംബർ 6നകം ഫീസ് ഒടുക്കാത്തവരുടെയും ഫീസൊടുക്കിയശേഷം പ്രവേശനം നേടാത്തവരുടെയും അലോട്ട്മെന്റ് റദ്ദാക്കുന്നതാണ്.

**പരീക്ഷാഫലം**

2017 നവംബർ മാസത്തിൽ നടത്തിയ നാല്, അവസാന സെമസ്റ്റർ എം.എസ്.സി. ഫിഷറി ബയോളജി ആന്റ് അക്വാകൾച്ചർ പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി.

2018 മാർച്ച് മാസത്തിൽ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.ഫിൽ സ്പെഷ്യൽ എജ്യൂക്കേഷൻ & റീഹാബിലിറ്റേഷൻ സയൻസസ് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി.

2018 ജൂലൈയിൽ സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്.സി. കെമിസ്ട്രി (ഇൻ ഓർഗാനിക്, ഓർഗാനിക്, ഫിസിക്കൽ & പോളിമർ)(സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**